**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1048**

**12.07.2016 - ൽ**
**മറുപടിക്ക്**

## നെൻമാറ മണ്ഡലത്തിലെ സീഡ് ഫാം

| ചോദ്യം<br>**ശ്രീ. കെ. ബാബു** | മറുപടി<br>**ശ്രീ. വി. എസ്. സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട പഞ്ചായത്തിലുള്ള സീഡ് ഫാമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | **എ)** വിലയിരുത്തിയിട്ടുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു നെല്ല് വിത്ത് ഉല്പാദക കേന്ദ്രമാണ് മുതലമടയിലുള്ളത്. ഈ ഫാം 1975-ൽ പ്രവർത്തനമാരംഭിച്ചു. ആകെയുള്ള 22.44 ഹെക്ടർ സ്ഥലത്ത് 18 ഹെക്ടറും കൃഷിയ്ക്ക് ഉപയോഗിക്കുന്നു. അതിൽത്തന്നെ 15 ഹെക്ടർ സ്ഥലം നെൽ വിത്ത് ഉൽപാദനത്തിനായി ഉപയോഗിക്കുന്നു. രണ്ട് സീസണുകളിലായി 32 ടണ്ണോളം നെൽവിത്ത് ഉൽപാദിപ്പിക്കുന്നു. കൂടാതെ 3 ഹെക്ടർ സ്ഥലത്ത് പച്ചക്കറി, കിഴങ്ങുവർഗങ്ങൾ മറ്റ് ദീർഘകാല വിളകളായ മാവ്, തെങ്ങ് എന്നിവയും കൃഷി ചെയ്യുന്നു. കൂടാതെ 25000 വേരു പിടിപ്പിച്ച കുരുമുളകു വള്ളികളും പച്ചക്കറി വിത്തുകളും ഫാമിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. |
| **ബി)** പ്രസ്തുത സീഡ് ഫാം കേന്ദ്രമാക്കി ഒരു കാർഷിക ഗവേഷണ കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോയെന്ന് വിശദമാക്കാമോ? | **ബി)** കാർഷിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും തന്നെയില്ല. |

**സെക്ഷൻ ഓഫീസർ**